III ശ്രദ്ധക്ഷണിക്കൽ

1. സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീമതി ശോഭനാ ജോർജ്</u> : സർ, ഈ നിയമസഭയിലെ അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ അംഗങ്ങൾക്കും വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടു വരുന്നത്. നമ്മുടെ ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളാണ്. ഇപ്പോൾ 33% സംവരണമൊക്കെ വന്നു, സ്ത്രീകൾക്ക് ഒട്ടേറെ പരിഗണന ലഭിക്കുന്നുണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ട വളരെ ഗൗരവമായ വിഷയം, സ്ത്രീകൾക്ക് ആരോഗ്യപരമായ പരിരക്ഷ നൽകുന്നതിന് ഇന്നുള്ള സംവിധാനം പര്യാപ്തമാണോയെന്നുള്ള ഒരു ചോദ്യമാണ്. നമ്മുടെ സർക്കാർ ആശുപത്രികളിൽ ഏറ്റവും കൂടുതൽ തിക്കും തിരക്കും അനുഭവപ്പെടുന്നത് സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായിട്ടുള്ള ആശുപത്രികളിലാണ്. ഏറ്റവും കൂടുതൽ പരാതികളും ഈ സ്ഥാപനങ്ങളുടെ പേരിലാണ് ഉള്ളത്. പലതരം പോരായ്മകളും അസൗകര്യങ്ങളും അപര്യാപ്തതകളും ഈ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിൽ, പ്രത്യേകിച്ച് പ്രസവാശുപത്രിയെന്ന് പറയുന്ന അറിയപ്പെടുന്ന ആശുപത്രികളെ സംബന്ധിച്ചാണ് ഉള്ളത്. ചികിത്സയുടെ കാര്യത്തിൽ നിതാന്തമായ ജാഗ്രതയും പ്രത്യേക പരിചരണവും അതുപോലെ അടിയന്തിര വിദഗ്ദ്ധ ചികിത്സയും അത്യാവശ്യമായിട്ടുള്ള വിഭാഗമാണ് ഗർഭിണികളും കുഞ്ഞുങ്ങളും. ചെറിയ തോതിലുള്ള അശ്രദ്ധയും അവഗണനയും കാലതാമസവും അത്യാവശ്യ സജ്ജീകരണങ്ങൾ ഇല്ലായ്മയും ഗർഭിണികളുടേയും കുഞ്ഞുങ്ങളുടേയും കാര്യത്തിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാറുണ്ട്. പ്രസവാശുപത്രിയിൽ ഉണ്ടാകുന്ന ചെറിയ വീഴ്ചകൾ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും മരണത്തിൽ തന്നെ ചെന്ന് എത്തിച്ചിട്ടുള്ള ഒട്ടേറെ സംഭവങ്ങളുണ്ട്. 10 കൊല്ലം മുമ്പ് വരെ കേരളത്തിൽ 37% പ്രസവവും വീടുകളിലാണ് നടന്നതെങ്കിൽ ഇന്ന് 2% പ്രസവം പോലും വീടുകളിൽ നടക്കുന്നില്ല. 98% പ്രസവങ്ങളും ആശുപത്രികളിലാണ് നടക്കുന്നത്. അതിനനുസൃതമായി നമ്മുടെ സംസ്ഥാനത്ത് പുതിയ ആശുപത്രികളോ, പുതിയ ആശുപത്രികളെന്ന് ഉദ്ദേശിക്കുന്നത് സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം പരിചരണം ലഭിക്കുന്നതിനുള്ള സംവിധാനം, അതിനനുസൃതമായി ഉണ്ടായിട്ടില്ലായെന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. അതുപോലെ ഈ പ്രസവത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഹിസ്റ്റക്റ്റമി, അബോർഷൻ ഇങ്ങനെയൊക്കെ വരുന്ന കാര്യങ്ങളിൽ അടിയന്തിരമായ ചികിത്സ ആവശ്യമാണ്. അങ്ങനെയുള്ള അവസരത്തിൽ അടിയന്തിരമായ ചികിൽസയും അടിയന്തിരമായ ശ്രദ്ധയും കിട്ടുന്നതിനുള്ള സാഹചര്യങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്തില്ല. ഇപ്പോൾ തന്നെ നമുക്കറിയാം ഇന്നുള്ള സംവിധാനങ്ങൾ തിരുവനന്തപുരത്തെ എസ്.എ.റ്റി. ആശുപത്രി തന്നെ എടുത്താൽ ഗർഭിണിയായിരിക്കുമ്പോൾ ഒരു കിടക്ക ആ ആശുപത്രിയിൽ ബുക്ക് ചെയ്താൽ കുഞ്ഞ് നേഴ്സറിയിൽ പോയി തുടങ്ങിയാലും കിട്ടാത്ത സ്ഥിതി വിശേഷമാണ് ഉള്ളത്. ഇങ്ങനെയൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി, കോട്ടയത്ത് ഇൻസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

ട്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് സെന്റർ, കോഴിക്കോട് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് എന്നീ സ്ഥാപനങ്ങളിലാണ് പ്രധാനമായിട്ടും ഉള്ളത്. ഇതു കൂടാതെ ആറ് ജില്ലകളിലായിട്ട് 8 സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ളതാണ്. തൈയ്ക്കാട്ടുള്ള വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രി, കൊല്ലത്ത് വിക്ടോറിയ ആശുപത്രി, അതുപോലെ എറണാകുളത്ത് മട്ടാഞ്ചേരി ആശുപത്രി, കോഴിക്കോട് വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രി എന്നിങ്ങനെയുള്ള 8 ആശുപത്രികളാണുള്ളത്. ഈ ആശുപത്രികളൊക്കെ ഉണ്ടെങ്കിലും സ്ത്രീകളുടേയും കുട്ടികളുടേയും ചികിത്സ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളില്ലാതെ ഗുരുതരമായ സ്ഥിതി വിശേഷത്തിൽ നിൽക്കുന്നുവെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. കാരണം, ഇത്രയും ആശുപത്രികളിലായിട്ട് 2973 കിടക്കകൾ മാത്രമേയുള്ളൂ. അതിന്റെ മൂന്നും നാലും ഇരട്ടി രോഗികളാണുള്ളത്. ഒരു കിടക്കയിൽ തന്നെ രണ്ടും മൂന്നും സ്ത്രീകൾ പ്രസവിച്ചു കിടക്കുന്ന പടങ്ങൾ പത്രത്തിൽ വന്നിട്ടുണ്ട്. നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം അത് അപമാനകരമാണ് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഇവിടെ 8 ആശുപത്രികളിലായിട്ട് ആകെയുള്ളത് 160 ഡോക്ടർമാർ മാത്രമാണ്. ഇതിന്റെ മൂന്നും നാലും ഇരട്ടി ഡോക്ടർമാരും അതുപോലെ ക്ലിനിക്കൽ സൗകര്യങ്ങളും സ്റ്റാഫും ഉണ്ടായാൽ പോലും ഇന്നുള്ള ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ല. 300 രോഗികളെ കിടത്തി ചികിൽസിക്കേണ്ടിടത്ത് 1200 രോഗികളെ കിടത്തി ചികിൽസിക്കേണ്ട സാഹചര്യമാണുള്ളത്. പൂർണ്ണ ആരോഗ്യവതിയായി പ്രസവാശുപത്രിയിൽ വന്നാൽ മറ്റ് മാറാരോഗങ്ങളും പേറി വീട്ടിലേയ്ക്ക് തിരിച്ചു പോകേണ്ട സ്ഥിതിയാണുള്ളത്. അതുപോലെ ചോരക്കുഞ്ഞുങ്ങളുടെ കാര്യത്തിലും. മഞ്ഞപ്പിത്തം ബാധിച്ച കുഞ്ഞുങ്ങളുടെ കൂടെ തന്നെ പ്രസവിച്ച് ഒരു ദിവസം പ്രായമായ സ്ത്രീയെയും കുട്ടിയെയും കിടത്തുന്നു. ഇതുപോലുള്ള രോഗങ്ങൾ എല്ലാം പകരുന്നുവെന്നുള്ളത് ആരും നിഷേധിച്ചിട്ടു കാര്യമില്ല. എല്ലാവർക്കും അറിവുള്ള കാര്യമാണ്. ഇതിന് ഒരു പരിഹാരമായിട്ട് സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായിട്ട് പ്രയോറിറ്റി ഗ്രൂപ്പ് ആശുപത്രികളിൽ ഉണ്ടാകണം. മറ്റു ആശുപത്രികളിൽ നിന്നും സ്ത്രീകളുടേയും കുട്ടികളുടേയും ചികിൽസ മാറ്റി നിർത്തിയാൽ ആ ആശുപത്രികളിലുള്ള ഓവർ ക്രൗഡും ഒഴിവാക്കാൻ കഴിയും. പ്രോഗ്രാമുകളുടെ ടാർജറ്റിൽ ഫാമിലി വെൽഫെയർ അതുപോലെ ആർ. സി.എച്ച്. പരിപാടികൾ, അതിന് ഈ സ്ഥാപനങ്ങൾ കൊണ്ടുപോകാൻ കഴിയും. 100% കേന്ദ്ര സഹായം ഉള്ളതാണ്. ദേശീയാടിസ്ഥാനത്തിൽ നോക്കുമ്പോൾ കേരളം ആരോഗ്യപരിപാലനത്തിൽ വളരെ മുൻപന്തിയിലാണ് ഉള്ളത് എന്ന രേഖകളും കണക്കുകളുമൊക്കെയാണ് ഉള്ളത്. എന്നിരുന്നാലും ഒരു സത്യം നാം മറച്ചുവച്ചിട്ട് കാര്യമില്ല. ഈ സ്ഥാപനങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി നടപ്പിലാക്കാൻ പറ്റുന്ന പദ്ധതികൾ പൂർണ്ണമായ വിധത്തിൽ, ധൃതഗതിയിൽ നടപ്പാക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് എനിക്ക് തോന്നുന്നു. നമ്മുടെ കേരളത്തിൽ കഴിഞ്ഞ ദിവസം പത്രങ്ങളിലൊക്കെ വായിച്ചു, ആലപ്പുഴ ജില്ലയിൽ ഒരു കുഞ്ഞിനെ തട്ടിക്കൊണ്ടു പോയി എന്നു പറയുന്ന കാര്യം. അതുപോലെ ക്രോസ് ഇൻഫക്ഷൻ പോലുള്ള അസുഖം പല അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും ആശുപത്രികളിൽ നിന്നാണ് കിട്ടുന്നത്. പല വിധത്തിലുള്ള വൈറസ് രോഗങ്ങൾ, കണ്ണു രോഗങ്ങൾ, അതിസാരം, മഞ്ഞപ്പിത്തം ഇങ്ങനെ ഒട്ടേറെ പകർച്ച വ്യാധികളുള്ള, ചികിത്സ നടത്തുന്ന ബെഡ്ഡുകളിൽ ഷീറ്റുപോലും മാറ്റാതെ അടുത്ത കുട്ടിയെ കൊണ്ടുവന്നു കിടത്തുന്ന സ്ഥിതി വിശേഷം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തുണ്ട്. മറ്റ് ഏതു രോഗികളെക്കാളും പരിഗണനയും പരിചരണവും കിട്ടേണ്ടത് സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമാണ്. ഈ നിയമസഭയിൽ ഒരിക്കലും ഇങ്ങനെയൊരു ആക്ഷേപം ഉയർന്നു വന്നിട്ടില്ല. കേരളത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇന്ന് പ്രസവത്തിന് ആശുപത്രിയിൽ ചെന്നാൽ പതിനയ്യായിരവും ഇരുപതിനായിരവും കൊടുത്താൽ മാത്രമേ പ്രസവം നടക്കുകയുള്ളൂ. അത് ഒഴിവാക്കാൻ പറ്റുന്നില്ലല്ലോ. സിസേറിയൻ ആണ് മറ്റ് എല്ലാ പ്രൈവറ്റ് ആശുപത്രികളിലും ഉണ്ടാകുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ സഫർ ചെയ്യുന്നത് സാധാരണക്കാരായ പാവപ്പെട്ട സ്ത്രീകളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രിയെന്നുള്ള നിലയിൽ അങ്ങ് ഈ കാര്യത്തിൽ പ്രത്യേക പരിഗണന നൽകണം. സാധാരണക്കാരെ സംബന്ധിച്ച് ആശുപത്രികളിൽ ഭാരിച്ച ചെലവ് അടയ്ക്കാൻ കഴിയാത്തതുകൊണ്ട് ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട ഒരു മേഖലയായി ഇതിനെ കാണണം. ഇപ്പോൾ തന്നെ മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലാ കേന്ദ്രങ്ങൾക്കുമാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുള്ളത്. അതുകൊണ്ട് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ കഴിയാത്ത അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ടി 21-ാം നൂറ്റാണ്ടിലേക്ക് കടക്കുമ്പോഴെങ്കിലും ഈ കാര്യത്തിൽ പ്രത്യേക പരിഗണന കേരളത്തിലെ ജില്ലാ കേന്ദ്രങ്ങളിൽ വിമൻ ആന്റ് ചിൽഡ്രൻ മെഡിക്കൽ കോളേജ് ആശുപത്രികൾ കൂടുതൽ തുറക്കുകയും നിലവിലുള്ള ആശുപത്രികളിലെ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കുകയും ചെയ്യണം. കേരളത്തിലെ അബലരും നിരാലംബരും നിരാശ്രയരുമായിട്ടുള്ള അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള ഈ ശ്രദ്ധക്ഷണിക്കൽ ഗവൺമെന്റ് പരിഗണിക്കും എന്നുള്ള പ്രത്യാശയാണുള്ളത്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. എ.സി. ഷൺമുഖദാസ്</u>) : കേരളത്തിലെ ആരോഗ്യരംഗത്തെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ടതും വളരെ മുൻഗണന കൊടുക്കേണ്ടതുമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. മാതൃ-ശിശു സംരക്ഷണ പ്രവർത്തനങ്ങളിൽ ഏറ്റവും വലിയ മുൻഗണനയാണ് ഈ സർക്കാർ നൽകുന്നത്. മാതൃ-ശിശു പരിപാലന രംഗം ദേശീയാരോഗ്യ നയത്തിന്റെ ഭാഗമാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗ്രാമ തലങ്ങളിൽ മാതൃ-ശിശു സംരക്ഷണം തുടങ്ങി മെഡിക്കൽ കോളേജിനോട് അനുബന്ധമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ചൈൽഡ് ഹെൽത്ത് സെന്റർ പോലുള്ള എസ്.എ.റ്റി. പോലുള്ള സ്ഥാപനങ്ങൾ അടക്കം പ്രവർത്തിച്ചതിന്റെ ഫലമായി മാതൃ മരണ നിരക്കിലും ശിശു മരണ നിരക്കിലും ലോക റെക്കോർഡ് തന്നെ നേടാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ ശിശു മരണ നിരക്ക് 70 ആണ്; എന്നാൽ കേരളത്തിൽ അത് 13 ആണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മരണം പോലും ഇല്ലാത്ത ഒരു അവസ്ഥ ഉണ്ടാകണമെന്നത് തീർച്ചയായും ശ്രദ്ധേയമാണ്. ഒരു ചെറിയ സംഭവംപോലും ഉണ്ടാകുമ്പോൾ ശ്രദ്ധിക്കപ്പെടുന്നു എന്നത് നമ്മുടെ ആരോഗ്യ നിലവാരത്തിന്റെ ഭാഗമായിട്ടാണ്. ലോകത്തിൽ ആരോഗ്യരംഗത്ത് നേട്ടം വഹിച്ചിട്ടുള്ളത് സ്വീഡനാണ്. സ്വീഡനിൽ പോലും 7 മരണനിരക്ക് ഉണ്ടെന്നാണ് കണക്ക്. അമേരിക്ക പോലുള്ള സമ്പന്ന രാജ്യങ്ങൾ 10-ലും 11-ലും നിൽക്കുകയാണ്. ഇവിടെ 13 എന്നു പറയുന്നത് ഈ രംഗത്ത് വലിയ നേട്ടം കൈവരിക്കുന്നതിന്റെ ശ്രമമാണ്. പല ചെറിയ മാറ്റങ്ങളും ഈ അടുത്ത കാലത്തുണ്ടായി. ഏറ്റവും ചുരുങ്ങിയത് 8 മരണം നടക്കുമെന്ന് പറഞ്ഞെങ്കിൽ സ്വീഡനിലും ജപ്പാനിലും അതുപോലെ ചില ഗൾഫ് രാജ്യങ്ങളും 7 ആക്കി

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കിക്കൊണ്ടു വരാൻ കഴിഞ്ഞുവെന്നതുകൊണ്ട് ലോകരാജ്യങ്ങളിൽ ഇന്നലെ വരെയുള്ള അവരുടെ സങ്കൽപ്പങ്ങളെ പോലും മാറ്റാൻ ഇട വരുക യാണ്. അതുപോലെ തന്നെ മാതൃ മരണ നിരക്ക് ഇൻഡ്യയിൽ മൊത്തം എടു ത്താൽ അത് 2.5 ആണ്. കേരളത്തിൽ അത് 0.08 ആണ്. നമ്മുടെ വിദ്യാഭ്യാസ രംഗത്തുള്ള സ്ത്രീകളുടെ നേട്ടങ്ങൾ. ആ കൂട്ടത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളൊക്കെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. ശിശുക്കളെ ബാധി ക്കുന്ന മാരകമായ വില്ലൻചുമ, തൊണ്ടമുള്ള്, ക്ഷതസന്നി, പിള്ളവാതം, ശൈശവകാലക്ഷയം, അഞ്ചാംപനി എന്നിവയ്ക്കെതിരെ വ്യാപകമായ തോതിൽ പ്രതിരോധ വാക്സിൻ നൽകിയതിന്റെ ഫലമായി ഈ രോഗങ്ങളെ നിയന്ത്രിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടി ക്കാണിച്ചതുപോലെ കേരളത്തിലെ 3 മെഡിക്കൽ കോളേജുകളുടെ അനുബ ന്ധമായാണ് ഇവിടെ എസ്.എ.ടി. യും അതുപോലെ കോട്ടയം, കോഴിക്കോട് ഇൻസ്റ്റിട്യൂട്ട് ഓഫ് മെറ്റേണൽ ചൈൽഡ് ഹെൽത്ത് സെന്ററുകളും പ്രവർത്തി ക്കുന്നത്. അവിടെ വരുന്ന രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് ശരിയാണ്. എസ്.എ.റ്റി. യിൽ ശരാശരി പത്തു പതിനാറായിരം പ്രസവം നടക്കുന്നു. കോഴിക്കോട് ഐ.എം.സി.എച്ചിൽ 24000 പ്രസവം നടക്കുന്നു. ഈ സ്ഥലങ്ങ ളിൽ പ്രസവങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയല്ലല്ലോ ഇതിന് പരിഹാരമാർഗ്ഗം. നമുക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയല്ല, മറിച്ച് പെരിഫറൽ ആശുപത്രി യിലും, സമാന്തര പ്രാന്തപ്രദേശങ്ങളിലെ സ്ഥാപനങ്ങളിലും കൂടുതൽ സൗക ര്യങ്ങൾ ഉണ്ടാക്കാൻ ഉള്ള ശ്രമത്തിലാണ്. ഇതിന്റെ ഭാഗമായാണ് യു.എൻ. ഐ.സി.ഇ.എഫിന്റെ സഹായത്തോടുകൂടി കേരളത്തിലെ 71 താലൂക്ക് ആശു പത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഫസ്റ്റ് റഫറൽ യൂണിറ്റുക ളായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പകുതിയോളം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മറ്റു പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന ശ്രമത്തിലാണ്. അവിടെ ഒരു ഗൈനക്കോളജിസ്റ്റ്, ഒരു പീഡിയാട്രീഷൻ എന്നിങ്ങനെ ആവശ്യ മായിട്ടുള്ള സംവിധാനങ്ങൾ, ഇതൊക്കെ നിർബന്ധപൂർവ്വം ഉണ്ടാക്കുന്ന രീതി യിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 80-ഓളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ശൈശവ പ്രജനന പരിപാലന റീപ്രൊഡക്റ്റീവ് ചൈൽഡ് ഹെൽത്ത്, ശൈശവ പരിപാലനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയി ട്ടുണ്ട്. സർ, കഴിഞ്ഞ രണ്ടുവർഷക്കാലമായി ഇക്കാര്യത്തിൽ നാം നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി 80-ഓളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ആർ.സി.എച്ച്. പ്രോജക്ടുകളുടെ ഭാഗമായി സൗകര്യം ലഭിച്ചിട്ടുണ്ട്. അവി ടെയും പ്രജനന-ശൈശവ-പ്രസവം അതുപോലെ കുട്ടികളുടെ സംരക്ഷണം ഇതിനുതകുന്ന രീതിയിലുള്ള സംവിധാനം ഉണ്ടാക്കാൻ പണം ഗവൺമെന്റിന്റെ കൈവശമുണ്ട്. ഞാൻ തന്നെ ജില്ലകളിൽ പോയി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരേയും, ഉദ്യോഗസ്ഥൻമാരെയും വിളിച്ചുവരുത്തി ഈ പ്രവർത്തനം വളരെ വിപുലപ്പെടുത്താനും ധൃതഗതിയിൽ കൊണ്ടുപോ കാനും നേരിട്ട് ചർച്ചകൾ നടത്തുകയും അതിന്റെ ഫലമായി ധൃതഗതിയിൽ ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുകയാണ്. ഇവിടെ ബഹുമാന പ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ എസ്.എ.ടി. യിൽ പഴയതുപോലെ വെയിറ്റിംഗ് ലിസ്റ്റ് ഇപ്പോൾ ഇല്ല. ഞാൻ ഇന്നു രാവിലെയും വിളിച്ചു ചോദിച്ചു, 10,15 ദിവസം കൂടുമ്പോഴെങ്കിലും വെയിറ്റിംഗ് ലിസ്റ്റ് വരുന്നുണ്ട്. നടപടിക്രമ ത്തിൽ ചെറിയ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. ഇൻ-പേഷ്യന്റ്സിന് പേവാർഡ് കിട്ടണമെങ്കിൽ അതിന് 60% പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള സംവി ധാനങ്ങളെ പരമാവധി മെച്ചപ്പെടുത്താൻ ശ്രമിക്കുന്നു. ബഹുമാനപ്പെട്ട അംഗം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ 98%-വും ഇൻസ്റ്റിറ്റ്യൂഷണൽ പ്രസവമാണ് നടക്കുന്നത്. വിരലെണ്ണാവുന്നവർക്കുമാത്രമേ സ്വന്തം ഭവനങ്ങളിൽ സൗകര്യങ്ങൾ ഉണ്ടാകാറുള്ളൂ. മുമ്പ് അതായിരുന്നില്ല. പ്രൈവറ്റ് മേഖലയിലും, ഗവൺമെന്റ് മേഖലയിലുമുണ്ട്. മെഡിക്കൽ കോളേജുകളോട് അനുബന്ധമായുമുണ്ട്. ജില്ലാ ആശുപത്രികളും, ഡബ്ല്യൂ.ആന്റ് സി. ആശുപത്രികളും കേരളത്തിൽ അപൂർവ്വം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ചില ജില്ലകളിൽ ഡബ്ല്യൂ.ആന്റ് സി. ഹോസ്പിറ്റലുകൾക്ക് വർഷങ്ങൾക്ക് മുമ്പ് തുടക്കം ആരംഭിച്ചു. ഉദാഹരണം കണ്ണൂർ 1981-ൽ തറക്കല്ലിട്ടു, പിന്നെ ബഡ്ജറ്റിൽ പണം ഉണ്ടായില്ല, നടപടി ഉണ്ടായില്ല. കഴിഞ്ഞവർഷമാണ് കണ്ണൂരിനുവേണ്ടി വീണ്ടും പണം നീക്കിവച്ചത്. ടെന്റർ വിളിച്ചു, ടെന്ററിന്റെ ഫൈനലൈസേഷനിലാണ്. എല്ലാ നടപടികളും പൂർത്തീകരിച്ചു. ഈ മാസം പണി തുടങ്ങാൻ കഴിയും. 1981-ൽ തറക്കല്ലിട്ടത് 1999 ആവേണ്ടിവന്നു പ്രവർത്തനം തുടങ്ങാൻ എന്നുപറഞ്ഞാൽ ഈ രംഗത്തുള്ള അശ്രദ്ധ ചെറുതല്ലല്ലോ. അതുപോലെ തന്നെയാണ് പാലക്കാട്, മഞ്ചേരി. മഞ്ചേരിയിലാണെങ്കിൽ പ്രസവസംബന്ധമായ റിപ്പോർട്ടുകൾ അധികമാണ്. ജനസംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അത് കണ്ടുകൊണ്ടുതന്നെയാണ് മലബാർ ഭാഗത്തുള്ള മഞ്ചേരി, മലപ്പുറം ഡബ്ല്യൂ. ആന്റ് സി. ഹോസ്പിറ്റലുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നത്. മറ്റ് ജില്ലകളെ സംബന്ധിച്ചിടത്തോളം നിലവിലുള്ള സംവിധാനവുമായി തന്നെ കഴിയുന്ന രീതിയിൽ രൂപപ്പെടുത്താൻ ശ്രമിക്കുകയാണ്. ആ കൂട്ടത്തിൽ ഒരു കാര്യവും കൂടിയുണ്ട്. കോഴിക്കോട് ഡബ്ല്യൂ.ആന്റ് സി. ആശുപത്രിയിൽ ഏഴും എട്ടും ഡോക്ടർമാർവരെ ഉണ്ടായിട്ടും പലപ്പോഴും അതിന്റെ ഉമ്മറത്തുകൂടിയാണ് മെഡിക്കൽ കോളേജിൽ പോകുന്നത്. കേരളത്തിലെ സ്ഥിതിവിശേഷം, സാധിക്കുമെങ്കിൽ ഏറ്റവും ആദ്യം ഏറ്റവും ഉയർന്ന സൗകര്യം ലഭിക്കുക എന്ന നിലവാരമായതുകൊണ്ട് താഴ്ന്ന തലങ്ങളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല, ജനങ്ങളിൽ അതിനുള്ള ധാരണ ഉണ്ടാക്കാനുള്ള ശ്രമവും ഗവൺമെന്റ് നടത്തുകയാണ്. സാധാരണ രീതിയിലുള്ള പ്രസവങ്ങൾ സാധാരണ സ്ഥാപനങ്ങളിൽ അത്യാവശ്യം സ്പെഷ്യലൈസ്ഡ് ചികിൽസ ആവശ്യമുള്ള അവസരങ്ങളിൽ മാത്രം ഇത്തരം മെഡിക്കൽ കോളേജുകളിൽ പോകുന്നതിന് വേണ്ടിയുള്ള ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഈ കാര്യത്തിൽ നല്ല ശ്രദ്ധ ഗവൺമെന്റ് നൽകുന്നുണ്ട്. കോടിക്കണക്കിന് രൂപ മുതൽമുടക്ക് ആവശ്യമായതുകൊണ്ട് ഈ കാര്യത്തിൽ വേണ്ടത്ര നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. വേൾഡ് ബാങ്ക്, അതുപോലുള്ള മറ്റ് സ്ഥാപനങ്ങളുടെയും യൂണിസെഫ് തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളുടെയും സഹായ സഹകരണങ്ങൾ പരമാവധി പ്രതീക്ഷിക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും അതുപോലെ തന്നെ ഭാവിയിൽ ജില്ലാ പഞ്ചായത്തുകൾക്കും ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് സ്ത്രീകളുടേയും, കുട്ടികളുടേയും പ്രസവ സംബന്ധമായ, ജൻമ സംബന്ധമായ എല്ലാ രോഗങ്ങൾക്കും ചികിത്സ നൽകാൻ കഴിയുന്ന രീതിയിൽ, ഇന്നത്തെ ആരോഗ്യ രംഗത്തെ നേട്ടം അവർക്കും ലഭ്യമാകുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും എടുക്കാൻ ഗവൺമെന്റ് കഴിയുന്നത്ര മുൻഗണന കൊടുക്കും എന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുന്നു.

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : സർ, അങ്ങയുടെ ഉറപ്പിന് നന്ദിയുണ്ട്. ഏറ്റവും പ്രധാനമായ മറ്റൊരു വിഷയം എനിക്ക് ചോദിക്കാനുള്ളത് ഈ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടേയും, കുട്ടികളുടേയും ആശുപത്രിയിൽ ആവശ്യത്തിനുള്ള സ്റ്റാഫില്ല, അത്യാധുനിക സജ്ജീകരണങ്ങൾ ഇല്ല, മരുന്നുകൾ ഇല്ല എന്നൊക്കെയുള്ള പരാതികളുണ്ട്. മറ്റുള്ള ആശുപത്രികളെക്കാൾ കൂടുതൽ പ്രയോറിറ്റി ഈ വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രികൾക്ക്, നിലവിലുള്ള ആശുപത്രികൾക്ക് കൊടുക്കുന്നതിന് അങ്ങ് പ്രത്യേകമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, സാംങ്ഷൻഡ് ബെഡ് സ്ട്രെംഗ്ത് അനുസരിച്ചുള്ള സ്റ്റാഫ് ഉണ്ട്. അതിന്റെ ഇരട്ടി രോഗികൾ വരുന്നു എന്നുള്ളതാണ് പ്രശ്നം. സ്വാഭാവികമായും സ്റ്റാഫിന്റെ അപര്യാപ്തതയുണ്ട്. അതുകൊണ്ട് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ചില സ്ഥാപനങ്ങളിലെ ബെഡ് സ്ട്രെംഗ്ത് കൂട്ടുകയല്ല, മറ്റ് സ്ഥലങ്ങളിൽ കൂടി ഉണ്ടാക്കാനുള്ള ശ്രമത്തിലാണ്. അതിനനുസരിച്ച് സ്റ്റാഫും, മരുന്നും എത്തിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2. മോട്ടോർ സർവ്വീസ് സഹകരണസംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. ജി. സുധാകരൻ : സർ, കേരളത്തിലെ 25-ലധികം വരുന്ന മോട്ടോർ വ്യവസായ സഹകരണസംഘങ്ങൾ കേന്ദ്രം വരുത്തിയ ഒരു നിയമ ഭേദഗതി കാരണം അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ സംഘങ്ങൾ എല്ലാംതന്നെ നിശ്ചലമാക്കാൻ പോകുകയാണ്. സഹകരണസംഘങ്ങളുടെ ബസുകളൊക്കെ റോഡുകളിൽ നിന്ന് ഇപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അതിലേയ്ക്കാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുന്നത്. കോടതി വിധിയുടെ ഫലമായി സ്വകാര്യ ബസുകൾക്ക് ദേശസാൽകൃത റൂട്ടുകളിലും, നോട്ടിഫൈഡ് റൂട്ടുകളിലും പെർമിറ്റ് കൊടുക്കേണ്ടതില്ല എന്നുകാണിച്ച് ആർ.ടി.എ. കൾ നോട്ടീസ് നൽകിയിരിക്കുകയാണ്. മുമ്പ് പബ്ലിക് സെക്ടർ കഴിഞ്ഞാൽ പിന്നെ മുൻഗണന ഉണ്ടായിരുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയും ഇപ്പോൾ സ്വകാര്യബസ്സുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സ്വകാര്യ ബസ്സുകൾക്കുള്ള അതേ അനുഭവം കോ-ഓപ്പറേറ്റീവ് സെക്ടറിനും നേരിടാനുള്ള കാരണം. ഇതിന്റെ ഫലമായി കേരളത്തിലെ മോട്ടോർ വ്യവസായ സഹകരണസംഘങ്ങൾ വക ബസുകൾ ഓടാൻ കഴിയാത്ത സ്ഥിതി ഉണ്ടായിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന മോട്ടോർ സഹകരണസംഘങ്ങളിൽ ഒന്നായിട്ടുള്ള കേരളാ കോ-ഓപ്പറേറ്റീവ് ട്രാൻസ്പോർട്ടിന്റെ മാത്രം 18 ബസുകൾ കായംകുളത്ത് നിരത്തിൽ നിന്നും പിൻവാങ്ങേണ്ടിവന്നിരിക്കുകയാണ്. കൊല്ലം, ആലപ്പുഴ ഭാഗങ്ങളിലും, കൊച്ചി, മലബാർ മേഖലകളിലുമുള്ള ഇരുപത്തിയഞ്ചോളം മോട്ടോർ തൊഴിലാളി സഹകരണ സംഘങ്ങളും അതിൽ പണിയെടുക്കുന്ന അയ്യായിരത്തിൽപ്പരം തൊഴിലാളികളും നിലനിൽപ്പില്ലാതെ തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ഈ രംഗത്ത് സംഘങ്ങൾക്ക് ലഭിച്ചിരുന്ന നികുതി ഇളവുകളും, പെർമിറ്റ് മുൻഗണനകളും നിയമഭേദഗതി കാരണം നിർത്തലാക്കപ്പെട്ടിരിക്കുകയാണ്. മോട്ടോർ വ്യവസായ സഹകരണസംഘങ്ങൾ നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയെയാണ് ഇത് കാണിക്കുന്നത്. ഈ കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി യാതൊരു നടപടിയും നാളിതുവരെ സംസ്ഥാനത്ത് ഗവൺമെന്റ്, ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ചിട്ടില്ല എന്നുള്ളത് ഞാൻ പുതുതായി ചാർജ്ജെടുത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീ. ആർ.എസ്. ഉണ്ണിയുടെ നേതൃത്വത്തിൽ ഒരു വർഷം മുൻപുതന്നെ ഈ സൊസൈറ്റികളുടെ പ്രശ്നം ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly